## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3576

14.03.2017-ൽ മറുപടിയ്ക്ക്

### കോടതി നടപടികൾ റിപ്പോർട്ട് ചെയ്യൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) സംസ്ഥാനത്തെ വിവിധ കോടതികളിലെ വിധി തീർപ്പുകളും നടപടി ക്രമങ്ങളും പൊതുജനത്തെ അറിയിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എ) പൊതുജനങ്ങൾക്ക് കോടതി ഉത്തരവുകളും വിധിന്യായങ്ങളും ലഭ്യമാക്കുന്നതിനുള്ള സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഹൈക്കോടതിയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ മുഖാന്തിരം ഉത്തരവുകൾ ലഭ്യമാക്കുകയും അത് ഇ-മെയിൽ വഴി മാധ്യമങ്ങൾക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. വിധിന്യായങ്ങൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിനായി ബന്ധപ്പെട്ടവർക്ക് നൽകുന്നുണ്ട്. കൂടാതെ ഉത്തരവുകൾ ഹൈക്കോടതിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. കേസിന്റെ സ്ഥിതിവിവരവും ഈ സൈറ്റിൽ ലഭ്യമാണ്. മറ്റു വിവരങ്ങൾ അധികമായി ആവശ്യമെങ്കിൽ വിവരാവകാശ നിയമപ്രകാരം വ്യക്തികൾക്ക് ആവശ്യപ്പെടാവുന്നതാണ്. ഇതുകൂടാതെ ദിവസ/ആഴ്ചതോറുമുള്ള കേസ് ലിസ്റ്റ്, കേസുകളുടെ സ്ഥിതി വിവരം, ഉത്തരവുകൾ എന്നിവ highcourtofkerala.nic.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-കോർട്ട് മിഷൻ മോഡ് പ്രോജക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് litigants ന് താഴെപറയുന്ന ഇ-സേവനം സബോർഡിനേറ്റ് കോടതികളിൽ ലഭ്യമാകുന്നുണ്ട്.

__SMS Facility :-__ കേസ് ഫയലിംഗ്, രജിസ്ട്രേഷൻ, ലിസ്റ്റിംഗ്, തീർപ്പാക്കൽ എന്നിവ സംബന്ധിച്ച വിവരം എസ്.എം.എസ് വഴി ലഭ്യമാക്കുന്ന സമ്പ്രദായം ലൈൻ സൗകര്യം ലഭ്യമായിട്ടുള്ള കോടതികളിൽ ഇപ്പോൾ നിലവിലുണ്ട്.

__District Court Website :-__ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും District Court Website ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൂരിഭാഗം കോടതികളും ദിവസേന നാഷണൽ ജുഡീഷ്യൽ ഗ്രിഡിൽ വിവരം അപ്പ്ലോഡ് ചെയ്യുന്നുണ്ട്. പോസ്റ്റൽ ഇ-കോർട്ട് സേവനം വഴി താഴെപ്പറയുന്ന സേവനം litigants ന് നൽകുന്നുണ്ട്.

1) കേസ് സ്ഥിതി
2) കോടതി ഉത്തരവുകൾ
3) കേസ് ലിസ്റ്റ്

__Court Location Mobile Application :-__ ഇപ്പോൾ ഇ-കമ്മിറ്റി നടപ്പിലാക്കിയ ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ വഴി അടുത്തുള്ള കോടതികളിൽ നിന്നും വിവരം ലഭ്യമാക്കാവുന്നതാണ്. ഹൈക്കോടതി വെബ്സൈറ്റിൽ നിന്നും ഇത് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇ-കോടതി പ്രോജക്ടിന്റെ ഭാഗമായി എൻ.ഐ.സി രൂപീകരിച്ച കേസ് ഇൻഫർമേഷൻ സിസ്റ്റം എന്ന സോഫ്റ്റ്വെയർ ജില്ലാ, താലൂക്ക് കോടതിയിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്തെ 436 കോടതികളിൽ ഈ സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സർക്കാർ മാധ്യമങ്ങൾക്ക് പുറമേ സ്വകാര്യ മാധ്യമങ്ങളെയും നിലവിൽ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) | വിവരങ്ങൾ ശേഖരിക്കുന്നതിനും അവ റിപ്പോർട്ട് ചെയ്യുന്നതിനും കോടതി പരിസരത്ത് കയറുന്നതിൽ നിന്നും മാധ്യമപ്രവർത്തകർക്ക് നിലവിൽ വിലക്കുകളൊന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ